ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.06.2024**

## പ്രധാനവാർത്തകൾ

1. ജി-7 ഉച്ചകോടിക്ക് ഇറ്റലിയിൽ ഇന്ന് തുടക്കം. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.
2. കുവൈറ്റിലെ ലേബർ ക്യാമ്പിലുണ്ടായ തീപിടുത്തത്തിൽ മരിച്ച ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ നടപടികൾ പൂർത്തിയാക്കി എത്രയും വേഗം നാട്ടിലെത്തിക്കുമെന്ന് വിദേശകാര്യമന്ത്രാലയം.
3. കുവൈറ്റിൽ അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം. മന്ത്രി വീണാ ജോർജ് കുവൈറ്റിലേക്ക് പുറപ്പെടും.
4. നീറ്റ് പരീക്ഷാ നടത്തിപ്പിൽ ചോദ്യപ്പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള ക്രമക്കേടുകൾ നടന്നിട്ടില്ലെന്നും, പുനഃപരീക്ഷാ നടപടികൾ കാര്യക്ഷമമായി നടത്തുമെന്നും കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ.
5. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു.
6. ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസ്, ന്യൂസിലൻഡിനെ 13 റൺസിന് പരാജയപ്പെടുത്തി.

RNU TVPM

****************************************

## പ്രധാനമന്ത്രി – ഇറ്റലി

മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ജി 7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് തിരിക്കും. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ വിദേശ സന്ദര്ശനമാണിത്. ജി 7 ഉച്ചകോടിയ്ക്ക് ഇന്ന് തുടക്കമാകും. തുടർച്ചയായി അഞ്ചാം തവണയാണ് ശ്രീ മോദി  ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. നാളെ നടക്കുന്ന ഔട്ട്‌റീച്ച് സെഷനിൽ പ്രധാനമന്ത്രി സംബന്ധിക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഈ സെഷനിൽ, നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്ക, മെഡിറ്ററേനിയൻ മേഖലകളിൽ ഊന്നിയുള്ള ചർച്ചകൾ എന്നിവ നടക്കും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മേലോണിയുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. കഴിഞ്ഞ വർഷം അബുദാബിയിൽ നടന്ന സിഒപി 28 ഉച്ചകോടിയിലാണ് ഇരു പ്രധാനമന്ത്രിമാരും അവസാനമായി കൂടിക്കാഴ്ച നടത്തിയത്. മറ്റ് ലോക നേതാക്കളുമായും അദ്ദേഹം ആശയവിനിമയം നടത്തും.

****************************************

## നീറ്റ് പരീക്ഷ

നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23-ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. പുനഃപരീക്ഷയുടെ ഫലം ഈ മാസം 30 പ്രസിദ്ധീകരിക്കും. ഗ്രേസ് മാർക്ക് കിട്ടിയ കുട്ടികളുടെ സ്കോർ  ക്യാൻസൽ ചെയ്യുമെന്നും, റീടെസ്റ്റ് എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് ഒഴികെയുള്ള മാർക്ക് നില നൽക്കുമെന്നും

RNU TVPM

സർക്കാർ കോടതിയെ അറിയിച്ചു. നീറ്റ് പരീക്ഷ നടത്തിപ്പുമായി ബന്ധപെട്ട മറ്റ് ഹര്ജികളിൽ ജൂലൈ 8-ന് സുപ്രീം കോടതി വീണ്ടും വാദം കേൾക്കും. കൗൺസിലിങ് തടസ്സപ്പെടുത്തരുതെന്ന് സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം നീറ്റ് പരീക്ഷ നടത്തിപ്പിൽ ചോദ്യപ്പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള ക്രമക്കേടുകൾ നടന്നിട്ടില്ലെന്നും, പുനഃപരീക്ഷാ നടപടികൾ കാര്യക്ഷമമായി നടത്തുമെന്നും ശ്രീ ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായി ഇന്ന് ചുമതലയേറ്റ ശേഷം മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

**************************************

**കുവൈറ്റ് തീപിടിത്തം**

കുവൈറ്റിലെ മംഗഫ് ഏരിയയിൽ ലേബർ ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 40-ഓളം ഇന്ത്യക്കാർ മരിക്കുകയും 50-ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കമ്പനിയിൽ നിന്നും ലഭിച്ച വിവരങ്ങൾ എംബസി പരിശോധിച്ചുവരികയാണെന്ന് മന്ത്രാലയം വ്യക്തമാക്കി. കുവൈറ്റിലെ ഇന്ത്യൻ അംബാസഡർ ആദർശ് സ്വൈക സംഭവ സ്ഥലവും ആശുപത്രികളും സന്ദർശിച്ചു. അതിനിടെ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ അവലോകന യോഗം ചേർന്നു. മരിച്ചവരുടെ കുടുംബങ്ങളെ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മൃതദേഹങ്ങൾ വേഗത്തിൽ

RNUTVPM

നാട്ടിലെത്തിക്കുന്നതിനുമായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് കുവൈറ്റിലെത്തി.
****************************************

**മന്ത്രിസഭായോഗം – (ഇൻട്രോ)**

കുവൈത്തിലെ തീപിടുത്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ വീതം ധനസഹായം നൽകും. ഇന്ന് ചേർന്ന പ്രത്യേക മന്ത്രിസഭായോഗത്തിലാണ് തീരുമാനം. 19 മലയാളികൾ മരിച്ചതായി സ്ഥിരീകരിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്........)**

RNU TVPM

****************************************

**കുവൈറ്റ്**

അതിനിടെ, 49 പേർ കൊല്ലപ്പെടുകയും ഒട്ടേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ കുവൈറ്റ് പബ്ലിക് പ്രോസിക്യൂട്ടർ അന്വേഷണം ആരംഭിച്ചു. വിദേശകാര്യ മന്ത്രി അബ്ദുല്ല അൽ-യഹ്യയും ആരോഗ്യമന്ത്രി ഡോ. അഹ്മദ് അൽ-അവധിയും അൽ-അദാൻ ആശുപത്രിയിലെത്തി പരിക്കേറ്റവരെ സന്ദർശിച്ചു. നോർക്ക റൂട്ട്സ് ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. പ്രവാസി മലയാളികൾക്ക് നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്ററിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറായ **1800 425 3939** ൽ ബന്ധപ്പെടാവുന്നതാണ്.
****************************************

## കുവൈറ്റ് സുരേഷ് ഗോപി

കുവൈത്തിൽ ഉണ്ടായ തീപിടിത്തത്തിൽ സാധ്യമായ എല്ലാ സഹായവും നൽകാൻ സർക്കാർ സജ്ജമാണെന്നും വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ടു വരികയാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. നമ്മുടെ സഹോദരങ്ങളുടെ സുരക്ഷ ഉറപ്പാക്കുമെന്നും, ദുരന്തം അതിജീവിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെയാണ് മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

****************************************

## കെ സുരേന്ദ്രൻ

ലോക കേരള സഭയുടെ പരിപാടികൾ നിർത്തിവെച്ച് അതിന് നീക്കിവെച്ച തുക കുവൈത്ത് അപകടത്തിൽ മരിച്ചവരുടെയും പരുക്കേറ്റവരുടേയും കുടുംബങ്ങൾക്ക് നൽകണമെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ്  കെ.സുരേന്ദ്രൻ കോഴിക്കോട് വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ലോകകേരള സഭ മാമാങ്കത്തിന്റെ  പ്രയോജനം പ്രവാസികൾക്ക് ലഭിക്കുന്നില്ല. പ്രവാസികൾക്കായി കർമ്മപദ്ധതി ആവിഷ്കരിക്കണം. കേരളത്തിന്റെ  ആവശ്യങ്ങൾ വിദഗ്ധ സമിതിയെ വെച്ച് പാർട്ടി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരും എയിംസ് വിഷയത്തിൽ പാർട്ടി നിലപാട് വ്യക്തമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

****************************************

## മരിച്ചവരിൽ ചങ്ങനാശ്ശേരി സ്വദേശിയും

കുവൈറ്റിൽ ഉണ്ടായ തീപിടുത്തത്തിൽ മരിച്ചവരിൽ ചങ്ങനാശ്ശേരി ഇത്തിത്താനം സ്വദേശിയും. ഇത്തിത്താനം ഇളങ്കാവ് കിഴക്കേടത്ത് വീട്ടിൽ  പ്രദീപ് ദീപ ദമ്പതികളുടെ മകൻ

ശ്രീഹരി പ്രദീപാണ് മരിച്ചത്. 27 വയസായിരുന്നു. പിതാവ് പ്രദീപും കുവൈറ്റിൽ ജോലി ചെയ്തുവരുകയാണ്.
****************************************

## കൂട്ടായി സ്വദേശി മരണപ്പെട്ടു

കുവൈറ്റിൽ തീപിടുത്തത്തിൽ മലപ്പുറം കൂട്ടായി സ്വദേശി മരണപ്പെട്ടു. കൂട്ടായി കോതപ്പറമ്പ് സ്വദേശി കുപ്പന്റെ പുരക്കൽ  നൂഹ് ആണ് മരണപ്പെട്ടത്. മത്സ്യതൊഴിലാളിയായ നൂഹ് കഴിഞ്ഞ ഫെബ്രുവരി 25 നാണ് അവസാനമായി നാട്ടിൽ വന്നു പോയത്.ഒരു മാസം മുമ്പാണ്  സ്വകാര്യ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചത്.
****************************************

## നോർക്ക റൂട്ട്സ് – (ഇൻട്രോ)

കുവൈറ്റ് ദുരന്തത്തിൽ നോർക്ക റൂട്ട്സ് സ്വീകരിച്ച അടിയന്തര നടപടികളെക്കുറിച്ച് **സി.ഇ.ഒ അജിത് കോളശ്ശേരി ആകാശവാണി വാർത്തകളോട്....**

**(വോയിസ്...........)**

RNU TVPM
****************************************

## പ്രധാനമന്ത്രി – യോഗാദിനം

ജൂൺ 21 ന് നടക്കുന്ന അന്താരാഷ്ട്ര യോഗ ദിനത്തിന്റെ പത്താം പതിപ്പിന് മുന്നോടിയായി, താഡാസനത്തിന്റെ വീഡിയോ ക്ലിപ്പ് സമൂഹ മാധ്യമത്തിലൂടെ പങ്കിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി. താഡാസനത്തിന്റെ  ഗുണങ്ങളെയും ആരോഗ്യനേട്ടങ്ങളെയും കുറിച്ച് വീഡിയോ വിശദീകരിക്കുന്നു. താഡാസനം ശരീരത്തിന്  കരുത്തും വഴക്കവും ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.
****************************************

**ലോക കേരള സഭ – ഒഴിവാക്കി**

കുവൈറ്റ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നടക്കാനിരുന്ന ലോക കേരള സഭയുടെ ഉദ്ഘാടന സമ്മേളനവും സെമിനാറും അനുബന്ധ പരിപാടികളും ഒഴിവാക്കി. 14 , 15 തീയതികളിൽ ലോക കേരളസഭാ സമ്മേളനം നിശ്ചയിച്ച പ്രകാരം നടക്കും. ആഘോഷ പരിപാടികൾ ഉണ്ടാവില്ല.

*********************************************

**കാൻമേള -മുഖ്യമന്ത്രി**

കാൻ ചലച്ചിത്രമേളയിൽ സംസ്ഥാനത്തിന്റെ യശസ്സുയർത്തിയ ചലച്ചിത്ര പ്രവർത്തകരെ സംസ്ഥാന സർക്കാർ ആദരിക്കും. ഗ്രാന്റ് പ്രി പുരസ്കാരം നേടിയ **ഓൾ വി ഇമാജിൻ ആസ് ലൈറ്റ്** എന്ന ചിത്രത്തിലെ അഭിനേതാക്കളായ കനി കുസൃതി, ദിവ്യപ്രഭ, ഹൃദു ഹാറൂൺ, അസീസ് നെടുമങ്ങാട് എന്നിവരെയും മികച്ച ഛായാഗ്രാഹ കർക്ക് നൽകുന്ന അംഗീകാരമായ പിയർ ഓങ്ജന്യൂ എക്സലൻസ് ഇൻ സിനിമാറ്റോഗ്രഫി പുരസ്കാരത്തിന് അർഹനായ സന്തോഷ് ശിവനെയുമാണ് ആദരിക്കുന്നത്.

RNUTVPM

*********************************************

**പക്ഷിപ്പനി – (ഇൻട്രോ)**

പക്ഷിപ്പനി ബാധയെ തുടർന്ന് രണ്ടുമാസത്തിനിടെ സംസ്ഥാനത്ത് ഒരു ലക്ഷത്തിലധികം പക്ഷികളെയാണ് കൊന്നൊടുക്കിയത്. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്, കൂടുതൽ നാശനഷ്ടമുണ്ടായ **ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി ആർ രവികുമാർ....**

**(വോയിസ്...............)**

****************************************

## ക്രിക്കറ്റ്

ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ആതിഥേയരായ വെസ്റ്റ് ഇൻഡീസ് ന്യൂസിലൻഡിനെ 13 റൺസിന് പരാജയപ്പെടുത്തി.

രണ്ടാമത്തെ കളിയിൽ ബംഗ്ലാദേശ് നെതർലാൻഡിനെ നേരിടും. ഇന്നലെ ന്യൂയോർക്കിൽ നടന്ന മത്സരത്തിൽ അമേരിക്കയെ ഇന്ത്യ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ ഇന്ത്യ സൂപ്പർ-8 ൽ യോഗ്യത ഉറപ്പിച്ചു.

****************************************

****************************************

******************

RNUTVPM